**കേരള കാർഷിക സർവ്വകലാശാല , ആസ്ഥാന മന്ദിരം**
**വെള്ളാനിക്കര , കെ.എ യു പി .ഒ , തൃശ്ശൂർ - 680 656**

നം . അക്കാഡ് ബി3/ 040010/16 തിയ്യതി : 27.08.2016

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ നടത്തുന്ന ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ സയൻസസ് , ഡിപ്ലോമ ഇൻ ഓർഗാനിക് അഗ്രിക്കൾച്ചർ എന്നീ കോഴ്സുകളിലേയ്ക്ക് 2016 സെപ്റ്റംബർ 6-ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഐ. എ. ടി- ആർ . എ . ആർ . എസ് പട്ടാമ്പിയിൽ നടത്തുന്ന ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചറൽ സയൻസസ് കോഴ്സിലേക്ക് അഡ്മിഷൻ ആഗ്രഹിക്കുന്നവർ രാവിലെ 10.30 ന് തൃശ്ശൂർ ജില്ലയിലെ വെള്ളാനിക്കരയിലുള്ള സർവ്വകലാശാല ആസ്ഥാനത്ത് എത്തേണ്ടതാണ് . താഴെ പറയുന്ന വിഭാഗങ്ങളിലാണ് ഒഴിവുകൾ ഉള്ളത്.

| | | |
|---|---|---|
| സ്റ്റേറ്റ് മെറിറ്റ് | - | 14 |
| ഈഴവ | - | 3 |
| മുസ്ലിം | - | 2 |
| ധീവര | - | 1 |
| എസ് . സി | - | 2 |
| എസ് . ടി. | - | 1 |
| വി. എച്ച്. എസ്. സി. അഗ്രി | - | 1 |

റിസർവേഷൻ വിഭാഗത്തിൽ ഉള്ള ഒഴിവുകൾക്ക് നിശ്ചിത വിഭാഗത്തിലുള്ള അപേക്ഷകർ ഇല്ലെങ്കിൽ നിയമാനുസൃതം പ്രസ്തുത സീറ്റുകൾ മറ്റു വിഭാഗങ്ങൾക്ക് അനുവദിക്കുന്നതാണ്. വെള്ളായണി കാർഷിക കോളേജിൽ നടത്തി വരുന്ന ഡിപ്ലോമ ഇൻ ഓർഗാനിക് അഗ്രിക്കൾച്ചർ കോഴ്സിലേക്ക് ഒഴിവുള്ള അഞ്ചു സീറ്റിലേക്ക് അന്നേ ദിവസം തന്നെ മേൽ പറഞ്ഞ സ്ഥലത്ത് വെച്ച് 12.30 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. മേൽ പറഞ്ഞ രണ്ട് കോഴ്സുകളിലേക്കും അപേക്ഷ സമർപ്പിച്ചിരുന്നവരിൽ നിന്ന് കേരള കാർഷിക സർവ്വകലാശാല അംഗീകരിച്ചവരുടെ പട്ടികയിൽ ഉൾപ്പെട്ടവർ മാത്രമേ സ്പോട്ട് അഡ്മിഷന് ഹാജരാകേണ്ടതുള്ളൂ. ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ സയൻസസ് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ താൽപ്പര്യപ്പെടുന്നവർ 06.09.2016 ന് രാവിലെ 10.30 ന് മുൻപ് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഡിപ്ലോമ ഇൻ ഓർഗാനിക് അഗ്രിക്കൾച്ചറർ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കേണ്ടവർ അന്നേ ദിവസം തന്നെ ഉച്ചക്ക് 12.30 ന് മുൻപ് റിപ്പോർട്ട് ചെയ്യേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം വരുന്ന വിദ്യാർത്ഥികളെ യാതൊരു കാരണവശാലും സ്പോട്ട് അഡ്മിഷൻ ഹാളിൽ പ്രവേശിപ്പിക്കുന്നതോ ഇതു സംബന്ധിച്ച ഒരു പരാതികളും സ്വീകരിക്കുന്നതോ അല്ല. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ അവരുടെ അസ്സൽ സർട്ടിഫിക്കറ്റ് 5 ദിവസത്തിനുള്ളിൽ ഹാജരാകേണ്ടതാണ്. ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ സയൻസസ് കോഴ്സിലേക്ക് അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ 29,000/- രൂപയും ഡിപ്ലോമ ഇൻ ഓർഗാനിക് അഗ്രി. കോഴ്സിലേക്ക് അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ 500/- രൂപയും അന്നേ ദിവസം തന്നെ സർവ്വകലാശാലയിൽ അടക്കേണ്ടതാണ്.

**രജിസ്ട്രാർ**